83041 (Pages : 2) Name..............28..........

Reg. No...............................

# SECOND SEMESTER B.A. DEGREE EXAMINATION, MAY 2015

(CUCBCSS–UG)

Core Course—Malayalam

## MAL 2B 02—മലയാള ചെറുകഥാസാഹിത്യം

me : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം :

1 'ദ്വാരക' എന്ന കഥയിലെ നായകൻ സഞ്ചരിച്ച കപ്പലിൻെറ പേരെന്ത് ?

2 "അവൻെറ ഇരിപ്പു കണ്ടാൽ, വീർത്ത കരിമ്പടക്കെട്ടാണെന്നേ തോന്നൂ"—ആരുടെ ഇരിപ്പ് ?

3 ജീവൻ മശായ് ഏതു നോവലിലെ കഥാപാത്രമാണ് ?

4 മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിക്കുന്ന കഥയേത് ?

5 "അയാളുടെ കല്പനപോലും എനിക്ക് ലംഘിക്കുവാൻ കഴിവില്ലായിരുന്നു ആരുടേതായിരുന്നു" —കല്പന ?

6 "അമ്പലത്തിന് തീവയ്ക്കാൻ പറഞ്ഞ പാർട്ടിയാ, അതും പത്തെഴുപതു കൊല്ലം മുൻപ് " —ആരെക്കുറിച്ചാണ് പരാമർശം ?

7 'നിൻെറ ഓർമ്മയ്ക്ക് ' എന്ന കഥയെഴുതിയതാര് ?

8 "അവൻെറ പല നാളത്തെ ശ്രമഫലം ! അക്ഷയമായ സമ്പാദ്യം !"—എന്തായിരുന്നു സമ്പാദ്യം ?

9 "ഇത്രയായിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത് ?"—ആരുടെ ചോദ്യമാണിത് ?

10 "വാസ്തുഹാര"യിലെ കഥ നടക്കുന്നതെവിടെയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "അതു കാണുമ്പോൾ തടവുകാരുടെ വായിൽ വെള്ളം നിറയും"—സന്ദർഭം എഴുതുക.

12 "ഒരാൾക്കിഷ്ടമല്ലെങ്കിലും ഉണ്ടെങ്കിലും മഴ പെയ്യില്ലേ. വെയിലുണ്ടാകില്ലേ. അതുപോലെ അനിവാര്യമായ . . . . . അലംഘനീയമായ . . . ." വിവക്ഷിതമെന്ത് ?

13 "ശത്രുക്കളുടെ കയ്യിൽപ്പെട്ട് പിടയുന്ന ഒരു പക്ഷിയുടെ ചിറകടിപോലെയുണ്ടായിരുന്നു അവരുടെ ശബ്ദം"—ആരുടെ ? കാരണമെന്ത് ?

14 "അപ്പോഴാണ് മറ്റൊരു പ്രശ്നത്തിൻെറ തീക്കണ്ണുകൾക്കു മുമ്പിലകപ്പെടുന്നത് "—എന്തായിരുന്നു പ്രശ്നം ?

15 "എത്ര നാളായി ഓരോന്ന് പറഞ്ഞ് എന്നെ കബളിപ്പിക്കുന്നു. ഇന്നെങ്കിലും നിങ്ങൾ വാക്കു പാലിക്കണം"—ആരുടെ വാക്കുകൾ ? വ്യക്തമാക്കുക.

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഉത്തരമെഴുതുക :

16 "സന്ധ്യ കഴിഞ്ഞതോടെ ഞങ്ങളുടെ ഘോഷയാത്ര അവസാനിച്ചിരുന്നു"—ഘോഷയാത്രയ പ്രത്യേകത എന്തായിരുന്നു ?

17 "കാരണോന്മാര് പറഞ്ഞുവച്ചതൊക്കെ തിരുത്താതിരിക്കുന്നതാ ബുദ്ധി"—ആരുടെ വാക്കുക ഇങ്ങനെ പറയാൻ കാരണമെന്ത് ?

18 അവൾ കൈനീട്ടി അയാളുടെ കാൽമുട്ടുകളിൽ തൊട്ടുകൊണ്ടു പറഞ്ഞു : "നമുക്ക് രക്ഷകന്മ വേണം. ചോരയിലൂടെയോ, പ്രതാപത്തിലൂടെയോ അവർ വരട്ടെ"—ആരുടെ വാക്കുകൾ ? സന്ദർഭ സാരസ്യവും വ്യക്തമാക്കുക.

19 "അവിടെ ഒരു കുടിലുകെട്ടി പുട്ടും പഴവും വിറ്റിരുന്നെങ്കിൽ അവൻെറ ചെലവിനുള്ളതു കിട്ടിയേ —വിവക്ഷിതമെന്ത് ? വിശദമാക്കുക.

20 "എവിടെയോ തെണ്ടിപ്പെറുക്കി നടക്കുന്ന പെണ്ണുങ്ങൾക്ക് സ്വത്തു വാങ്ങിക്കൊടുക്ക ചെലവഴിക്കാൻ നിനക്ക് കാശുണ്ട്. എനിക്ക് വെല്ലൂർക്ക് ചികിത്സയ്ക്ക് പോകാൻ . —ആരാണിങ്ങനെ പരാതി പറയുന്നത് ? കാരണമെന്ത് ?

21 തടവുകാർ ടൈഗറിനെ വെറുക്കാൻ കാരണമെന്ത് ?

22 'തല്പം' എന്ന കഥ അവതരിപ്പിക്കുന്ന വിഷയത്തിൻെറ പ്രസക്തി വിശദമാക്കുക.

(5 × 5 = 25 ma

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക :

23 'ദ്വാരക' എന്ന കഥയുടെ ആഖ്യാനപരമായ സവിശേഷതയെക്കുറിച്ച് വിവരിക്കുക.

24 ആത്മനിഷ്ഠകഥകളുടെ എന്തെല്ലാം പ്രത്യേകതകളാണ് 'ശിലാ ലിഖിത'ത്തിൽ പ്രകടമാകുന്ന വിശദമാക്കുക.

25 'ചരിത്രപുരുഷൻ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

26 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥ അവതരിപ്പിക്കുന്ന ആധുനിക പ്രവണത എന്തെല്ലാം ? വിവരിക്കുക.

27 പ്രിയ എ.എസ്.ൻെറ കഥകളുടെ പ്രത്യേകതകളെക്കുറിച്ച് 'ദാ നോക്കൂ ഒരു പല്ലി' എന്ന കഥ ആധാരമാക്കി ഉപന്യസിക്കുക.

28 സക്കറിയയുടെ ആഖ്യാന മികവിന് തെളിവാണ് 'ആർക്കറിയാം' എന്ന കഥ സമർത്ഥിക്കുക.

(4 × 10 = 40 ma